സഹകരണ സംഘങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സീറ്റ് റിസർവ് ചെയ്യുന്ന നടപടി

989 [1187] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി സീറ്റ് റിസർവ്വ് ചെയ്യുന്ന നടപടി എന്നാണ് ആരംഭിച്ചത്;

(ബി) ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം നടന്ന തെരഞ്ഞെടുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം പൂർണ്ണമായി പാലിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ ഭരണസമിതികളിൽ 25-2-85 മുതലാണ് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഒരു സീറ്റ് സംവരണം ചെയ്യുന്ന നിയമം നടപ്പിലാക്കിയത്.

(ബി) ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം നടന്ന എല്ലാ സംഘം തെരഞ്ഞെടുപ്പുകളിലും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള പ്രാതിനിധ്യം പൂർണ്ണമായും പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. 25-2-85-ന് ശേഷം തെരഞ്ഞെടുപ്പ് നടന്ന പല സംഘങ്ങളിലും ഇത് നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ നിയമത്തിലെ 80-ാം വകുപ്പ് വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കണമെന്ന ആവശ്യം

990 [1188] ശ്രീ. കെ. ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള 80-ാം വകുപ്പ് വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കണമെന്ന ആവശ്യത്തെ മുൻനിറുത്തി ഗവൺമെന്റ് ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷൻ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചുവോ;

(സി) ആ റിപ്പോർട്ട് പ്രകാരം 80-ാം വകുപ്പ് വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ബാധകമാക്കാൻ കഴിയുമോ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണാധികാരത്തിൻ കീഴിൽ വരാത്തതായ മറ്റ് സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് (അതായത് വ്യവസായം, കയർ, കൈത്തറി, ഡയറി മുതലായവ) 80-ാം വകുപ്പിന്റെ കീഴിലുള്ള ചട്ടങ്ങളനുസരിച്ച് തരംതിരിച്ച് ശമ്പള സ്കെയിലുകളും സ്റ്റാഫ് പാറ്റേണും മറ്റും ക്രമപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റിലേക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കുവാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly